<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4395</u> <u>06-03-2023 - ൽ മറുപടിയ്ക്ക്</u>

<u>മലപ്പുറം മണ്ഡലത്തിലെ വ്യവസായ സംരംഭങ്ങളുടെ നിലവിലെ പുരോഗതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിൽ 2022-23 വർഷം വ്യവസായ വകുപ്പിന് കീഴിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് വിശദാംശം നൽകാമോ; | (എ) | 2022-23 വർഷം മലപ്പുറം മണ്ഡലത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി, നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാൻഡ് പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി, ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്കായുള്ള പി.എം.എഫ്.എം.ഇ. പദ്ധതി എന്നീ പദ്ധതികൾ വഴി ബാങ്ക് വായ്പ ലഭ്യമാക്കി പുതിയ സംരംഭങ്ങൾ തുടങ്ങുവാനും സബ്സിഡി ലഭ്യമാക്കാനുമുള്ള സൗകര്യങ്ങൾ ചെയ്തു വരുന്നുണ്ട്. ഇത്തരം പദ്ധതികൾക്കായുള്ള കൈത്താങ്ങ് സഹായങ്ങൾ നൽകുന്നതിനായി വ്യവസായ വികസന ഓഫീസർമാരുടെ സേവനം എല്ലാ ബ്ലോക്കുകളിലും മുൻസിപ്പാലിറ്റികളിലും ലഭ്യമാണ്.<br><br>മേൽ പദ്ധതികളുടെ ചെറുവിവരണം താഴെപ്പറയുന്നു.<br><br><u>1. സംരംഭക സഹായ പദ്ധതി</u><br><br>വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളിലായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.<br><br><u>2. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ്.</u><br><br>വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നൽകി കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉല്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം എന്നിവയ്ക്കായി ആരംഭിക്കുന്ന ചെറു സംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല ഉൾപ്പെടെ) സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്ത ഭടന്മാർ, പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകും.<br><br>3. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി<br><br>തൊഴിലും ഉത്പാദനവും വർധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണിത്. ഉൽപാദന മേഖലയിൽ 50 ലക്ഷം രൂപ വരെയും സേവന മേഖലയിൽ 20 ലക്ഷം രൂപ വരെയും പരമാവധി ചെലവ് വരുന്ന പുതിയ സംരംഭങ്ങൾ ഈ പദ്ധതിയിലൂടെ വായ്പാ ബന്ധിതമായി ആരംഭിക്കാവുന്നതാണ്.<br><br>4. PM Formalization of Micro Food Processing Enterprises.<br><br>സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള കേന്ദ്ര ഫുഡ് പ്രോസസ്സിംഗ് മന്ത്രാലയത്തിന്റെ പദ്ധതിയാണിത്. ഈ പദ്ധതിയിൽ ഒരു ജില്ല ഒരു ഉല്പന്നം എന്ന സമീപനമാണ് സ്വീകരിക്കുന്നത് (ODOP). സ്ഥിര മൂലധന നിക്ഷേപത്തിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന വായ്പാധിഷ്ഠിത പദ്ധതിയാണിത്. |
| (ബി) | മണ്ഡലത്തിൽ പുതുതായി എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചുവെന്നും ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനും പ്രവാസികളുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്നും ഉള്ള വിശദാംശം ലഭ്യമാക്കാമോ; | (ബി) | 2022-23 വർഷം മലപ്പുറം മണ്ഡലത്തിൽ പുതുതായി 684 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ *സംരംഭക വർഷം* പദ്ധതിയുടെ ഭാഗമായി മലപ്പുറം മണ്ഡലത്തിൽ ഉൾപ്പെടുന്ന എല്ലാ പഞ്ചായത്തുകളിലും ജൂൺ, ജൂലായ് മാസങ്ങളിൽ ബോധവൽക്കരണ ശില്പശാലകൾ നടത്തുകയുണ്ടായി. തുടർന്ന് ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ലൈസൻസ് - സബ്സിഡി മേളകൾ നടത്തി. കൂടാതെ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഇന്റേൺസിന്റെ നേതൃത്വത്തിൽ വ്യവസായ വകുപ്പിന്റെ ഹെൽപ്പ് ഡെസ്ക് സംവിധാനം പ്രവർത്തിച്ച് വരുന്നു.<br><br>ജില്ലയിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പ്രവാസികൾക്ക് വ്യത്യസ്ത തരത്തിലുള്ള സഹായങ്ങളാണ് നൽകി വരുന്നത്. വകുപ്പ് നടത്തുന്ന സംരംഭ അവബോധന സെമിനാറുകളിൽ ഇവരെ പ്രത്യേകം പങ്കെടുപ്പിക്കാറുണ്ട്. അതുപോലെ മാനേജീരിയൽ, സാങ്കേതിക, പരിശീലനങ്ങൾ പ്രവാസികളെ ഉൾപ്പെടുത്തി നടത്തുകയും അത് വഴി സംരംഭം ആരംഭിക്കുന്നതിന് ആവശ്യമായ ശേഷി വികസിപ്പിക്കുന്നതിനാവശ്യമായ സഹായം നൽകുകയും ചെയ്യുന്നുണ്ട്. വായ്പ ലഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി വായ്പബന്ധിത സബ്സിഡി പദ്ധതികൾ വഴി പ്രവാസികളെ ബന്ധപ്പെടുത്തുകയാണ് ചെയ്യുന്നത്. അതുവഴി പ്രവാസി സംരംഭകൻ എടുക്കുന്ന സ്ഥിര ആസ്തി വായ്പക്കും പ്രവർത്തന മൂലധന വായ്പക്കും സബ്സിഡി ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. വകുപ്പ് വഴി നടപ്പിലാക്കുന്ന സുപ്രധാന സാമ്പത്തിക സഹായ പദ്ധതിയായ സംരംഭക സഹായ പദ്ധതി വഴി പ്രവാസികൾക്ക് പ്രത്യേകമായി 10% അധികം (പരമാവധി 10 ലക്ഷം രൂപ വരെ) സബ്സിഡി അനുവദിക്കുന്നു. നോർക്കയുടെ പദ്ധതി വഴി അപേക്ഷിക്കുന്ന പ്രവാസികൾക്കും വായ്പ ബന്ധിത സബ്സിഡിയും, പലിശ സബ്സിഡിയും ആവശ്യമായ പരിശീലനവും ലഭിക്കുവാനുള്ള സഹായം ജില്ലാ വ്യവസായ കേന്ദ്രം വഴി നൽകി വരുന്നുണ്ട്. |
| (സി) | വ്യവസായ സംരംഭക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങൾ വഴി വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ലഘൂകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | നവ സംരംഭകരാണെങ്കിൽ വായ്പ തിരിച്ചടവിനെ സംബന്ധിച്ചുള്ള ബാങ്ക് അധികൃതരുടെ ആശങ്ക, സാമ്പത്തിക സ്ഥാപനങ്ങളിൽ തങ്ങളുടെ പദ്ധതി അവതരിപ്പിക്കുന്നതിനുള്ള സംരംഭകന്റെ പ്രാഗൽഭ്യം ഇല്ലായ്മ ഇതൊക്കെയാണ് പലപ്പോഴും ഒരു സംരംഭകന് വായ്പ ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ടായി അനുഭവപ്പെടുന്നത്. ഇതിന് പരിഹാരമായി ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീമുകൾ വിഭാവനം ചെയ്യുകയും പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി), ഭക്ഷ്യമേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്കായുള്ള പി.എം.എഫ്.എം.ഇ പദ്ധതി, നാനോ സംരംഭങ്ങൾക്കായുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി തുടങ്ങിയ പദ്ധതികൾ വഴി സംരംഭകന് സബ്സിഡിയോട് കൂടിയുള്ള വായ്പ ലഭിക്കുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പലിശ സബ്സിഡി നൽകുന്ന പദ്ധതികളും സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ മുഖേന |

| | | | |
|---|---|---|---|
| | | | സർക്കാർ അനുവദിക്കുന്ന സബ്സിഡി തുകകൾ മുൻകൂറായി ബാങ്കിലേക്ക് എത്തുന്നതു വഴി വായ്പയുടെ തിരിച്ചടവിൽ ബാങ്കിന് വിശ്വാസം ആർജ്ജിക്കുന്നത് വഴി വായ്പ അനുവദിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നു. സബ്സിഡിയോടു കൂടിയുള്ള ബാങ്ക് വായ്പയ്ക്ക് വകുപ്പ് വഴി നൽകുന്ന പ്രക്രിയകൾ പൂർണ്ണമായും ഓൺലൈനാക്കുകയും അതുവഴി സമയനഷ്ടം കൂടാതെ അപേക്ഷകൾ ബാങ്കിലേക്ക് എത്തുന്ന സാഹചര്യം ഉണ്ടാകുന്നു. നവ സംരംഭകർക്ക് വായ്പ ലഭ്യമാക്കുന്നതിനു വേണ്ടി കേരള എന്റർപ്രണേഴ്സ് ലോൺ സ്കീം എന്ന ഒരു പുതിയ പദ്ധതി SLBC വഴി വിഭാവനം ചെയ്യുകയും അതു വഴി കൂടുതൽ വായ്പ ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | മലപ്പുറം ജില്ലയിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ ലേ ഓഫ് പ്രഖ്യാപിച്ചത് മൂലം ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയതെന്ന് വിശദമാക്കാമോ; | (ഡി) | വ്യവസായ വകുപ്പിന്റെ അധീനതയിൽ മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളൊന്നും അടച്ചു പൂട്ടിയിട്ടില്ല. |
| (ഇ) | പ്രസ്തുത വിഷയത്തിൽ ഇടപെടുവാനും അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകി തുറന്ന് പ്രവർത്തിപ്പിക്കുവാനും നിർദേശം നൽകുമോ? | (ഇ) | വ്യവസായ വകുപ്പിന്റെ അധീനതയിൽ മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളൊന്നും അടച്ചു പൂട്ടിയിട്ടില്ല. |

സെക്ഷൻ ഓഫീസർ